സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

വഴിപാട് റേറ്റ് ഏകീകരണം - താൽക്കാലികമായി നിർത്തി വച്ചിരുന്നതും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ദേവസ്വങ്ങളിൽ മാത്രം implement ചെയ്തിരുന്നതുമായ ഉത്തരവുകൾ 01.04.2017 മുതൽ മറ്റ് ദേവസ്വങ്ങളിലും പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.10416/12/സ്യൂട്ട്/എൻ.എസ്. നന്തൻകോട് , 27 /03/2017.

---

പരാമർശം : 1. 1.4.2016 ലെ ആർ.ഒ.സി. 10416/12/സ്യൂട്ട്/എൻ.എസ് നമ്പർ ബോർഡുത്തരവ്.

2. 28.05.2016ലെ മേൽ നമ്പർ ഉത്തരവ്.

3. 20.09.16-ൽ ആർ.ഒ.സി. 8525/2016/എസ്റ്റാ.1 നമ്പർ ഉത്തരവ്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വഴിപാട് നിരക്ക് ഏകീകരിച്ച് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ പാരഗ്രാഫ് ഒന്നിലും, രണ്ടിലും പരാമർശിച്ചിരുന്നതും, തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം താൽക്കാലികമായി നിർത്തി വച്ചിരുന്നതുമായ ഉത്തരവുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ദേവസ്വങ്ങളിൽ നടപ്പിൽ വരുത്തുന്നതിനും, വഴിപാടുകൾക്ക് നിശ്ചിത എണ്ണം കഴിഞ്ഞാൽ നിശ്ചിത ശതമാനം മുതൽകൂട്ടണം എന്ന ഉത്തരവ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡിലുള്ള സബ്ഗ്രൂപ്പുകളിലെ ക്ഷേത്രങ്ങളിൽ നടപ്പിൽ വരുത്തുന്നതിനും തീരുമാനിച്ച് പരാമർശം (3) ആയി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡിലുള്ള ക്ഷേത്രങ്ങളിൽ മാത്രം നടപ്പിൽ വരുത്തിയിരുന്നതും താൽക്കാലികമായി നിർത്തി വച്ചിരുന്നതുമായ ഉത്തരവുകൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള എല്ലാ ദേവസ്വങ്ങളിലും 1/4/2017 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ

2) എല്ലാ ആഫീസ് മേധാവികൾക്കും

3) EDP Section

4) സെക്ഷൻ ഫയൽ 5) ഫയൽ ബുക്ക് 6) ആഫീസ് കോപ്പി